പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 777 | 10.02.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.കെ.എസ്.സലീഖ** | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് മെഡിക്കൽ കോളേജ് ഉൾപ്പെടെ അലോപ്പതി വിഭാഗത്തിൽ എത്ര സർക്കാർ ആശുപത്രികളുണ്ട്; ഇവയിൽ എത്ര ആശുപത്രികളിൽ ലാബ് സൗകര്യവും ജീവനക്കാരും ഉണ്ട് ; വിശദമാക്കാമോ; | എ) & ബി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന എട്ട് സർക്കാർ മെഡിക്കൽ കോളേജുകളോടും അനുബന്ധിച്ച് ലാബ് സൗകര്യവും ആവശ്യമായ ജീവനക്കാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സർക്കാർ ആശുപത്രികളിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ ഇവിടെയെത്തുന്ന രോഗികളിൽ 70 ശതമാനത്തിലേറെ പേർ സ്വകാര്യ ലാബുകളെ സമീപിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം എന്ന വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| സി) | പകർച്ചവ്യാധികളാലും മറ്റു രോഗങ്ങളാലും വിഷമിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ പരിശോധനാ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ലാബുകൾക്ക് കൃത്യമായ ഫീസ് നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സ്വകാര്യ ലാബുകൾ രോഗികളിൽ നിന്നും അമിത ഫീസ് ഈടാക്കുന്നതുംല ഒരേ പരിശോധന ഒരേ രോഗി പല ലാബുകളിൽ നടത്തിയാൽ പല റിസൽട്ട് ലഭിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) ഡി) & ഇ) | സ്വകാര്യ ആശുപത്രികളുടേയും ലബോറട്ടറികളുടേയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013 ലെ കരട് ബിൽ നം. 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | |
| ഇ) | പ്രസ്തുത ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കാതെ നീട്ടിക്കൊണ്ടു പോകുന്നത് സ്വകാര്യ ലാബുകളെ സഹായിക്കുവാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ